# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2847 20/12/2012 - ൽ മറുപടിയ്ക്ക്

## സമഗ്രവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; | (എ) കൊടുങ്ങല്ലൂർ, പൊന്നാനി, പറവൂർ, അഴീക്കോട്, ഒറ്റപ്പാലം, നിലമ്പൂർ, കയ്പമംഗലം, തിരൂരങ്ങാടി, ചെങ്ങന്നൂർ, വടക്കാഞ്ചേരി, വേങ്ങര, കൽപ്പറ്റ, വണ്ടൂർ, അടൂർ, ഹരിപ്പാട്, തളിപ്പറമ്പ്, കാസർ ഗോഡ്, തൃത്താല, കോങ്ങാട്, കളമശ്ശേരി, കൊയിലാണ്ടി, കാഞ്ഞിരപ്പള്ളി, കോഴിക്കോട് നോർത്ത്, കൊടുവള്ളി, തിരൂർ, പത്തനാപുരം, അരൂർ, മൂവാറ്റു പുഴ, ചേലക്കര, ആലുവ, കൂത്തുപറമ്പ്, മഞ്ചേശ്വരം, നെന്മാറ, തിരുവമ്പാടി, വട്ടിയൂർക്കാവ്, കൊണ്ടോട്ടി, കോഴിക്കോട് സൗത്ത് എന്നീ നിയോജക മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. |

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ ഉറപ്പുവരുത്തുകയാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ അസംബ്ലി നിയോജക മണ്ഡലങ്ങളിലും പ്രത്യേകം പഠനം നടത്തി അതാത് മണ്ഡലങ്ങളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിലേക്കാവശ്യമായ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരെയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) സംസ്ഥാനതലത്തിൽ വിദ്യാഭ്യാസവകുപ്പ് മന്ത്രി ചെയർമാനും അതാത് നിയോജകമണ്ഡലം എം.എൽ.എ. വൈസ് ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി ജനറൽ കൺവീനറും പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സീമാറ്റ് കേരള ഡയറക്ടർ ജോയിന്റ് കൺവീനറുമായുള്ള കമ്മിറ്റിയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ ചെയർമാനായ നിയോജകമണ്ഡല സംഘാടക

| | | | |
|---|---|---|---|
| | | | സമിതിയും മുനിസിപ്പൽ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനായും ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള സംഘാടക സമിതിയും പ്രവർത്തിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത ഏജൻസി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നു എന്ന് വിശദമാക്കാമോ; | (ഇ) | നിയോജകമണ്ഡലത്തിലെ പ്രോജക്ട് പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള ആശയരൂപീകരണ ശില്പ ശാല, നടത്തുക, ദത്തശേഖരണത്തിനാവശ്യമായ ഫോർമാറ്റുകൾ തയ്യാറാക്കുക, സ്കൂളുകളിൽ നിന്നും ശേഖരിച്ച ദത്തങ്ങൾ ഐ.റ്റി.@സ്കൂൾ, ഡയറ്റിന്റെയും സഹായത്തോടെ ക്രോഡീകരിച്ച് ബേസ്‌ലൈൻ സ്റ്റഡി നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (എഫ്) | പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ; | (എഫ്) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രോജക്ട് പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള ആശയരൂപീകരണ ശില്പശാല നടത്തി. സ്കൂളുകളിൽ നിന്നും ശേഖരിച്ച ദത്തങ്ങൾ ക്രോഡീകരിച്ച് ബേസ്‌ലൈൻ സ്റ്റഡി തയ്യാറാക്കുകയും അതിന്റെ |

അടിസ്ഥാനത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്കുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ചെലവിനായുള്ള തുക എങ്ങിനെയാണ് ലഭ്യമാക്കുക എന്ന് വിശദമാക്കാമോ? | (ജി) | എം.എൽ.എ. മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./ എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ച് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ